DESPATCHED
On...16/5/22...

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം–695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ **AP 680(1)/2020/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.5424/SIC-Gen4/2020**

(ഉത്തരവുകൾ **sic.kerala.gov.in** –ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മേയ് 11**

ശ്രീ. പത്മകുമാർ കെ.,
ജയചന്ദ്രവിലാസം,
നാലുമുക്ക്, കുടപ്പനക്കുന്ന് പി.ഒ.,
തിരുവനന്തപുരം – 695 043.. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
റവന്യു ഡിവിഷണൽ ഓഫീസ്,
കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്,
തിരുവനന്തപുരം – 695 043.

2. അപ്പീൽ അധികാരി &
റവന്യു ഡിവിഷണൽ ഓഫീസർ,
റവന്യു ഡിവിഷണൽ ഓഫീസ്,
കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്,
തിരുവനന്തപുരം – 695 043.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 1.10.2020 ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, വിവരാവകാശ അപേക്ഷയ്ക്ക് കാലതാമസം വരുത്തി മറുപടി നൽകിയത് സംബന്ധിച്ചും അപേക്ഷയിലെ 2, 3 എന്നീ ഇനങ്ങൾക്ക് മറുപടി നൽകാതിരുന്നത് സംബന്ധിച്ചും പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. അനിൽകുമാർ ടി.എസ്.

കമ്മീഷനിൽ ലഭ്യമാക്കിയ വിശദീകരണവും നേരിൽ കേട്ടവേളയിൽ ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ വിശദമായി പരിശോധിച്ചു.

2. ഹർജിക്കാരൻ 28.12.2019ന് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുന്നതുമായി ബന്ധപ്പെട്ട ഫയൽ ടി കാര്യാലയത്തിലെ MC സെക്ഷനിൽ നിന്നും റെക്കാർഡ് സെക്ഷനിലേക്ക് കൈമാറിയിരുന്നതാണെന്നും 2018-ലെ പ്രളയത്തിൽ ടി റെക്കാർഡ് സെക്ഷനിൽ വെള്ളം കയറി ഡിസ്പോസൽ ആയി സൂക്ഷിച്ചിരുന്ന നിരവധി ഫയലുകൾ വീണ്ടെടുക്കാൻ കഴിയാത്തവിധം നശിച്ചുപോയിട്ടുള്ളതാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട MC 163/95 നമ്പർ ഫയൽ കണ്ടെത്തുന്നതി-നായി ശ്രമിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ മുൻ റവന്യൂ ഉദ്യോഗസ്ഥൻ കൂടിയായ അപേക്ഷകൻ ഓഫീസിൽ നേരിട്ടെത്തി മറുപടി ഇപ്പോൾ വേണമെന്നില്ല കുറച്ച് കഴിഞ്ഞാലും കുഴപ്പമില്ല എന്ന് സീറ്റ് ക്ലാർക്കിനോട് പറഞ്ഞിരുന്നതാണെന്നും, എന്നിരുന്നാലും നിർദ്ദിഷ്ട സമയത്തിനുള്ളിൽ തന്നെ മറുപടി നൽകണമെന്ന് ക്ലാർക്കിനോട് ടിയാൻ നിഷ്കർച്ചിരുന്നുവെന്നും എന്നാൽ റിക്കാർഡ് സെക്ഷനിൽ നിന്നും മറുപടി ലഭിച്ചപ്പോൾ നിയമപ്രകാരമുള്ള സമയപരിധി കഴിഞ്ഞിരുന്നുവെന്നും മറുപടി സമയബന്ധിതമായി നൽകുന്നതിന് എ.പി.ഐ.ഒ., സെക്ഷൻ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, റിക്കാർഡ് കീപ്പർ എന്നിവർ ചേർന്ന് ആത്മാർത്ഥമായ പരിശ്രമം നടത്തിയെങ്കിലും ഫയൽ കണ്ടെത്താൻ കഴിഞ്ഞില്ലെന്നും ആയത് നശിച്ചുപോയതായി മനസ്സിലായതിനെ തുടർന്ന് അപേക്ഷകന് 27.2.020ന് മറുപടി നൽകിയിട്ടുള്ളതാണെന്നും MC163/95നമ്പർ ഫയൽ ലഭ്യമല്ലാതിരുന്നതുമൂലമാണ് അപേക്ഷയിലെ മൂന്ന് ചോദ്യങ്ങൾക്കും ചേർന്ന് ഒറ്റ മറുപടി നൽകിയിട്ടുള്ളതെന്നുമാണ്. കൂടാതെ MC 11031/2012 നമ്പർ ഫയലിൽ ലഭ്യമായ രേഖകളും MC 163/95 നമ്പർ ഉത്തരവിന്റെ പകർപ്പും ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നും ടിയാന്റെ ഭാഗത്ത് നിന്നും മന:പൂർവ്വമായ വീഴ്ചയും മറുപടി നൽകുന്നതിൽ ഉണ്ടായിട്ടില്ലെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട റിക്കാർഡുകൾ കണ്ടെത്താൻ സാധിക്കും എന്ന ഉത്തമവിശ്വാസത്തിലും മറുപടിക്ക് ധൃതിയില്ലെന്ന് ഹർജിക്കാരൻ പറഞ്ഞതിനാലും ടി വിഷയവുമായി ബന്ധപ്പെട്ട മറ്റൊരു ഫയൽ ഉള്ളതിനാൽ അതിൽ അപേക്ഷാകക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ ഉണ്ടാകുമോ എന്ന്

പരിശോധിക്കാൻ ശ്രമിച്ചതിനാലുമാണ് നിശ്ചിത സമയത്തിനുള്ളിൽ മറുപടി നൽകുവാൻ കഴിയാതെപോയതെന്നും ഇപ്രകാരം ഉണ്ടായ വീഴ്ച, ഓഫീസിലെ ജീവനക്കാരുടെ ഭാഗത്ത് നിന്നുണ്ടായ ഉദ്ദേശ ശുദ്ധിയെ കണക്കിലെടുത്ത് ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നുമാണ് ശ്രീ. അനിൽകുമാർ ടി.എസ്. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിട്ടുള്ളത്.

3. ശ്രീ. അനിൽകുമാർ ടി.എസ്. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണവും നേരിൽ കേട്ട വേളയിൽ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച ടി വസ്തുതകളും അംഗീകരിച്ച് ടിയാനെതിരെ ശിക്ഷാ നടപടി സ്വീകരിക്കാനുള്ള താത്ക്കാലിക തീരുമാനം അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2022 മേയ് 11–ാം തീയതി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്:

കമ്മീഷൻ സെക്രട്ടറി

bnk/